കടലാക്രമണം മൂലമുണ്ടായ നാശനഷ്ടങ്ങൾ

* 616 [660] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കടലാക്രമണംമൂലം ഇതുവരെ എത്ര കിലോ മീറ്റർ സ്ഥലത്ത് നാശം സംഭവിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര കിലോമീറ്റർ സ്ഥലം മതിൽ കെട്ടി?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം.കെ. രാഘവൻ):

(എ) കൃത്യമായി കണക്കാക്കിയിട്ടില്ല. എന്നാൽ 580 കി.മീ. ദൂരമുള്ള കേരളത്തിന്റെ കടൽ തീരത്തിൽ രൂക്ഷമായ കടലാക്രമണത്തിന് വിധേയമാകുന്ന തീരം 320 കി.മീറ്റർ ആണ്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷാവസാനം വരെ (1977-78) 190.456 കിലോമീറ്റർ ദൂരം കടൽത്തീരത്ത് സംരക്ഷണ പണികൾ നടത്തിയിട്ടുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

രേണിക്കാവ്-കുമരംചിറ റോഡ്

1050 [1669] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട പി.ഡബ്ലിയു.ഡി. സെക്ഷനിൽപ്പെട്ട രേണിക്കാവ്-കുമരംചിറ റോഡ് ഗവൺമെന്റ് ഏറ്റെടുക്കുവാനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിനാവശ്യമായ ഭൂമിയുടെ സറണ്ടർ സ്റ്റേറ്റ്മെന്റ് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) റോഡ് മരാമത്ത് വകുപ്പിന് കൈമാറാം ചെയ്യാൻ സന്നദ്ധമാണെന്നും എട്ടുമീറ്റർ വീതിയിൽ റോഡ് നിർമ്മിക്കാനാവശ്യമായ സ്ഥലം സൗജന്യമായി വിട്ടുതരാമെന്നും കാണിച്ചുള്ള പഞ്ചായത്ത് പ്രമേയം ഇതുവരെ കിട്ടിയിട്ടില്ല.

(ബി) ഇല്ല.

ഏഴാം മൈൽ-പാലത്തിൻകടവ് റോഡ്

1051 [1670] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംകോട്ട പി.ഡബ്ലിയു.ഡി. സെക്ഷനിൽപ്പെട്ട ഏഴാം മൈൽ-പാലത്തിൻകടവ് റോഡ് ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള കാലതാമസമെന്തെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന് ആവശ്യമായ ഭൂമിയുടെ സറണ്ടർ സ്റ്റേറ്റ്മെന്റ് ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly